നം. ഇ 2-12121/2017/ഡി.ഐ.എം.എസ്

ഡയറക്ടറേറ്റ് ഓഫ്
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്,
തിരുവനന്തപുരം - 14.

തീയതി: 12/06/2017.

## സർക്കുലർ

വിഷയം - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് - സ്ഥാപനകാര്യം - നിയമസഭാചോദ്യങ്ങളുടെ മറുപടി നൽകുന്നതിൽ ഉള്ള വീഴ്ചകൾ - നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

.........................

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറേറ്റിൽ ലഭിക്കുന്ന നിയമസഭാ-ചോദ്യങ്ങളിൽ ഭൂരിഭാഗത്തിനും ഉള്ള മറുപടികൾ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസുകൾ മുതൽ താഴോട്ടുള്ള ഓഫീസുകളിൽ നിന്ന് ശേഖരിച്ചാണ് സർക്കാരിലേയ്ക്ക് നൽകുന്നത്. ഇത്തരത്തിൽ വിവരശേഖരണത്തിനായി സബ് ഓഫീസുകളിലേയ്ക്ക് അയക്കുന്ന ചോദ്യങ്ങൾക്ക് മറുപടി തയ്യാറാക്കി നൽകുക എന്ന ചുമതല ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വേണ്ടത്ര ഉത്തരവാദിത്വത്തോടെ കാണുന്നില്ല എന്ന വിഷയം വകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പലപ്പോഴും ചോദ്യങ്ങളുടെ മറുപടികൾ സമയബന്ധിതമായി തയ്യാറാക്കി നൽകുന്നതിൽ ടി ഉദ്യോഗസ്ഥർ അലംഭാവം കാട്ടുന്നു. മാത്രവുമല്ല നൽകുന്ന മറുപടികളിൽ പലവിധത്തിലുള്ള തെറ്റുകളും കടന്നുകൂടുന്നതായും കാണുന്നു. ചില റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസുകളിൽ നിന്ന് ഒരേ നിയമസഭാചോദ്യത്തിന് വ്യത്യസ്ത സന്ദർഭങ്ങളിൽ വ്യത്യസ്തമായ മറുപടികൾ മേലോഫീസിലേയ്ക്ക് അയച്ചുതരികയും, ഇതുമൂലം വകുപ്പ് ഡയറക്ടറേറ്റിൽ നിന്ന് സർക്കാരിലേയ്ക്ക് നൽകിയ മറുപടികളിൽ പിശകുണ്ടാകുകയും, ഇത് സർക്കാരിനു മുന്നിൽ വകുപ്പിനെക്കുറിച്ച് അവമതിപ്പുണ്ടാകുന്നതിന് കാരണമാവുകയും ചെയ്തിട്ടുണ്ട്. ബഹു.മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും നിയമസഭയിൽ നൽകുന്ന മറുപടികളിൽ തെറ്റുകൾ കടന്നുകൂടുന്നതിന് ഈ വകുപ്പ് കാരണമാവുക എന്നത് വകുപ്പിന്റെ സൽപ്പേരിന് കളങ്കം വരുത്തുന്ന പ്രവൃത്തിയാണ്. സർക്കാർ ഈ വിഷയത്തെ അതീവഗൗരവമായി നോക്കിക്കാണുന്നതായാണ് അറിയിച്ചിട്ടുള്ളത്. ആയതിനാൽ നിയമസഭാചോദ്യങ്ങൾക്കുള്ള മറുപടികൾ തയ്യാറാക്കുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ജാഗരൂകരായിരിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടാകുന്ന ഏതൊരു വീഴ്ചകളും

മറുപുറം

അംഗീകരിക്കുവാൻ കഴിയുകയില്ല. ഇത്തരത്തിലുള്ള വീഴ്ചകൾ ഏതെങ്കിലും ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുണ്ടായാൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. നിയമസഭാചോദ്യത്തിന്റെ മറുപടി യാതൊരലംഭാവവും കൂടാതെ കൃത്യമായും സമയബന്ധിതമായും തയ്യാറാക്കി നൽകുന്നതിന് ജീവനക്കാർ ബാദ്ധ്യസ്ഥരാണ്. അതുകൊണ്ടുതന്നെ എല്ലാ ഓഫീസ് മേധാവികളും തങ്ങളുടെ അധികാര പരിധിയിൽ വരുന്ന മുഴുവൻ വിഷയങ്ങളും സംബന്ധിച്ച രേഖകളും രജിസ്റ്ററുകളും അപ്ഡേറ്റ് ചെയ്ത് സൂക്ഷിക്കേണ്ടതും, മേലിൽ ഇവ പരിശോധിച്ച് നിയമസഭാചോദ്യത്തിന്റെ മറുപടി തയ്യാറാക്കേണ്ടതും, അവ ശരിയാണെന്ന് ഉറപ്പുവരുത്തിയ ശേഷം സമയക്ലിപ്തത പാലിച്ച് മേലോഫീസിലേയ്ക്ക് അയച്ചുതരേണ്ടതുമാണ് എന്ന കർശന നിർദ്ദേശം നൽകുന്നു.

ഡോ.അജിത നായർ.ആർ
ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ

സ്വീകർത്താവ്

1. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ
   ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്,
   ദക്ഷിണ മേഖല,കൊല്ലം /
   മദ്ധ്യ മേഖല,എറണാകുളം/
   ഉത്തരമേഖല, കോഴിക്കോട്.
2. എല്ലാ ആശുപത്രി സൂപ്രണ്ടുമാർക്കും/മെഡിക്കൽ ഓഫീസർമാർക്കും.
3. ഫയൽ/സ്റ്റോക്ക് ഫയൽ.

ടി.കെ.ജെ-12.06.2017/